പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 784** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>ഗോത്രവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എൻ. ശക്തൻ
ശ്രീ. സി. വി. ശാന്തകുമാർ
ശ്രീ. എം. ആർ. ബൈജു

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് ഉന്നതി എന്ന് പേരുമാറ്റിയതല്ലാതെ പ്രദേശത്തെ അടിസ്ഥാന സൗകര്യങ്ങളിൽ മാറ്റം കൊണ്ടുവരാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തെ ഗോത്ര വിഭാഗക്കാർ ഒരുമിച്ച് താമസിക്കുന്ന സ്ഥലങ്ങളുടെ പേര് വീണ്ടും ഊര് എന്നാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഇല്ല. പട്ടികവർഗ്ഗക്കാരുടെ സംസ്കാരത്തിന്റെയും പൈതൃകത്തിൻറെയും ഭാഗമായി ഉപയോഗിച്ച് വരുന്നതാണ് "ഊര് മൂപ്പന്മാർ", ഊരു കൂട്ടം എന്നീ പദങ്ങളെന്നും, വനാവകാശ നിയമം,ആസൂത്രണ പ്രക്രിയ എന്നിവയിൽ ഊരുകൂട്ടങ്ങൾ എന്ന പദത്തിന് ഏറെ പ്രാധാന്യമുണ്ടെന്നും സർക്കാറിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, 04/08/2026ലെ സ.ഉ (കൈ)നം.23/2026/SCSTD ഉത്തരവ് പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആവാസകേന്ദ്രങ്ങളെ "ഊര്","സങ്കേതം" എന്നീ പദങ്ങൾ ഉപയോഗിച്ച് തുടർന്നും വിശേഷിപ്പിക്കാവുന്നതാണെന്ന് വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**(ബി)** ഉന്നതി എന്ന് പേര് മാറ്റിയതിനെതിരെ വിവിധ ഗോത്ര വിഭാഗക്കാർ പരാതി നൽകിയിരുന്നോ;ഊര് എന്നത് തങ്ങളുടെ പാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയും അവിഭാജ്യ ഘടകമാണെന്ന് ഊരു മൂപ്പന്മാർ നിലപാട് സ്വീകരിച്ചിരുന്നോ; വിശദമാക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗക്കാർക്കായി വിഭാവനം ചെയ്യുന്ന പഞ്ചമി ഗ്രാമം പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>മറുപടി:</u>** ഉണ്ട്. പഞ്ചമി ഗ്രാമം പദ്ധതി നടപ്പിലാക്കാൻ വേണ്ടി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ അസംബ്ലി നിയോജകമണ്ഡലങ്ങളിൽ 15-ൽ താഴെ പട്ടികജാതി കുടുംബങ്ങൾ ഒരിടത്ത് അധിവസിക്കുന്നതും കുറഞ്ഞത് 3 കുടുംബങ്ങളെങ്കിലും ഉള്ള പ്രദേശങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

**സെക്ഷൻ ഓഫീസർ**